പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3588 | 19.02.2013-ലെ മറുപടിക്ക്.

## 13-ാം ധനകാര്യകമ്മീഷൻ സംസ്ഥാനത്ത് പുതിയതായി ആരംഭിക്കുന്ന കോടതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. സത്യൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) 13-ാം ധനകാര്യകമ്മീഷൻ സംസ്ഥാനത്ത് പുതിയതായി ആരംഭിക്കുന്ന കോടതികൾ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടതാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ;<br><br>(ബി) പ്രസ്തുത കോടതികൾ സംസ്ഥാനത്ത് എവിടെയെല്ലാമാണ് ആരംഭിക്കുന്നത് എന്ന് തീരുമാനിച്ചിട്ടുണ്ടോ ;<br><br>(സി) എങ്കിൽ സ്ഥലങ്ങൾ ഏതൊക്കെയാണെന്നും, ഏത് തരം കോടതിയാണെന്നും വ്യക്തമാക്കാമോ ? | : (എ), (ബി) & (സി)<br><br>13-ാം ധനകാര്യ കമ്മീഷന്റെ ഫണ്ടുപയോഗിച്ച് തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ ഓരോ സായാഹ്ന കോടതികൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കോടതികളുടെ പ്രവർത്തനം സംസ്ഥാനത്തെ സാഹചര്യത്തിൽ വിജയകരമല്ല എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സായാഹ്ന കോടതികൾക്ക് പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം അനുവദിച്ച ഫണ്ടുപയോഗിച്ച് എറണാകുളത്ത് 15, കൊല്ലത്ത് 5, തിരുവനന്തപുരത്ത് 3, തൃശ്ശൂരിൽ 1 എന്നിങ്ങനെ 24 സ്പെഷ്യൽ ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികളും എൻ.ഐ.ആക്ട് സംബന്ധിച്ച കേസുകൾക്കായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ കോടതികളും ഉൾപ്പെടെ ആകെ 27 കോടതികൾ സ്ഥാപിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്. ഇവയുടെ ലൊക്കേഷൻ, അധികാരപരിധി എന്നിവ സംബന്ധിച്ച് ഹൈക്കോടതി അന്തിമ തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ഹൈക്കോടതി സമർപ്പിക്കുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി കോടതികൾ സ്ഥാപിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ